# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1232 — 30/09/2011- ലെ മറുപടിക്ക്

## ചുമട്ടു തൊഴിലാളി മേഖലയിലെ നിയമങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | ചുമട്ടു തൊഴിലാളി മേഖലയിലെ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ: | (എ) | 1978ലെ ചുമട്ടു തൊഴിലാളി നിയമം കാലോചിതമായി പരിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി ടി നിയമത്തിലെ സ്ഥാപനം എന്ന നിർവ്വചനം വിപുലീകരിക്കുന്നതിലേക്കായി വകുപ്പ് 2 (ജെ) യും കൂലി നിരക്ക് നിശ്ചയിക്കുന്ന വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തുന്നതിനായി വകുപ്പ് 9 ഉം കൺസീലിയേഷൻ ഓഫീസറുടെ വിധിക്കെതിരായി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സമയ പരിധിയിലെ ആശയക്കുഴപ്പം ഒഴിവാക്കുന്നതിലേക്കായി വകുപ്പ് 12ഉം തൊഴിലാളികളും തൊഴിലുടമകളും നൽകേണ്ടുന്ന വിഹിതങ്ങളെ സംബന്ധിച്ച് വകുപ്പ് 13 (2), 13(4) എന്നിവയും ബോർഡ് യോഗത്തിന്റെ ക്വാറം സംബന്ധിച്ച് വകുപ്പ് 14 (8 എ)ഉം ജില്ലാ കമ്മിറ്റി ചെയർമാന്റെ പേരു മാറ്റം സംബന്ധിച്ച് വകുപ്പ് 18 (5) ഉം ജില്ലാ കമ്മിറ്റികളുടെ അധികാര പരിധി സംബന്ധിച്ച് വകുപ്പ് 18 (6) ഉം ചുമട്ടു തൊഴിലാളിയുടെ പുനർ വിന്യാസവും പൂളുകളുടെ പുന:ക്രമീകരണവും സംബന്ധിച്ച് വകുപ്പ് 18 (8ബി)യും തൊഴിലാളികളുടെ അച്ചടക്കരാഹിത്യം സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിന് വകുപ്പ് 18 (8 സി) യും |

അദ്ധ്യായം IX ന്റെ ശീർഷകവും സർക്കാരിന് ആക്ടിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി മുൻകാല പിൻകാല പ്രാബല്യത്തിൽ ചട്ടങ്ങൾ ഉണ്ടാക്കുന്നത് സംബന്ധിച്ച് വകുപ്പ് 43 (1) ഉം ഭേദഗതി ചെയ്യുന്നതിനും ചുമട്ടു തൊഴിലാളികളുടെ റിട്ടയർമെന്റ് സംബന്ധിച്ച് വകുപ്പ് 7 (എ) പ്രകാരവും വേതനം നൽകുന്നതിന് തൊഴിലുടമയ്ക്കുള്ള ബാധ്യത സംബന്ധിച്ച് വകുപ്പ് 9 (എ) പ്രകാരവും അമിത വേതനം അവകാശപ്പെടുന്നതും വാങ്ങുന്നതും വിലക്കുന്നതും സംബന്ധിച്ച് വകുപ്പ് 9 (ബി) പ്രകാരവും ചുമട്ടു തൊഴിലാളികൾക്കും തൊഴിലുടമകൾക്കുമുള്ള പെരുമാറ്റ ചട്ടങ്ങൾ സംബന്ധിച്ച് 9 (സി) പ്രകാരവും ചുമട്ടു തൊഴിലാളികളെ ഏർപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുന്നതിലേക്കായി വകുപ്പ് 18 (8 ഡി) പ്രകാരവും ജോലിക്കിടയിൽ തൊഴിലുടമകളിൽ നിന്നോ തൊഴിലാളികളിൽ നിന്നോ ആചാരത്തിന്റെയോ മറ്റോ പേരിലുണ്ടാകുന്ന അന്യായ പ്രവൃത്തി തടയുന്നതിന് വകുപ്പ് 18 (8ഇ) പ്രകാരവും വരവും ചെലവും സംബന്ധിച്ച് കണക്കു സൂക്ഷിക്കുന്നതിനായി വകുപ്പ് 18 (8 എഫ്) പ്രകാരവും തൊഴിലുടമകളിൽ നിന്നോ തൊഴിലാളികളിൽ നിന്നോ വിഹിതമോ ലെവിയോ ഈടാക്കുന്നതിന് വകുപ്പ് 18 (8 ജി) പ്രകാരവും നിയമത്തിന്റേയും ചട്ടങ്ങളുടേയും പദ്ധതികളുടേയും നടത്തിപ്പിനാവശ്യമായ നടപടികൾക്കായി വകുപ്പ് 18 (8 എച്ച്) പ്രകാരവും അയോഗ്യരാക്കപ്പെടുന്ന കമ്മിറ്റി അംഗങ്ങളെ സംബന്ധിച്ച് വകുപ്പ് 18 (10) പ്രകാരവും കമ്മിറ്റി അംഗത്തിനെതിരായ അച്ചടക്ക നടപടി സംബന്ധിച്ച് വകുപ്പ് 18 (11) പ്രകാരവും കമ്മി

 റ്റിയുടെ നടപടിക്രമങ്ങൾ അസാധുവാകാതിരിക്കുന്നതിനെ സംബന്ധിച്ച് വകുപ്പ് 18(12) പ്രകാരവും തൊഴിലുടമാ രജിസ്ട്രേഷൻ സംബന്ധിച്ച് വകുപ്പ് 26 (എ) പ്രകാരവും തൊഴിലുടമകൾ സൂക്ഷിക്കേണ്ടുന്ന രജിസ്റ്ററുകളും രേഖകളും സംബന്ധിച്ച് വകുപ്പ് 26 (ബി) പ്രകാരവും ചുമട്ടു തൊഴിലാളികളുടെ രജിസ്റ്റർ സംബന്ധിച്ച് വകുപ്പ് 26 (സി) പ്രകാരവുമുള്ള പുതിയ വകുപ്പുകൾ ഉൾപ്പെടുത്തുന്നതിലേക്കായി നിയമഭേദഗതികൾ സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) നോക്കുകൂലി കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ:

(ബി) കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശത്തുള്ള അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികൾ നോക്കു കൂലി വാങ്ങരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നോക്കു കൂലി വാങ്ങിയെന്ന് പരാതി ലഭിച്ചാൽ 1983 ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35 ാം ഖണ്ഡിക പ്രകാരമുള്ള താഴെ വിവരിക്കുന്ന ശിക്ഷാനടപടികൾ കൈക്കൊള്ളു ന്നതാണ്.

എ) രേഖാമൂലം താക്കീതു നൽകുക

ബി) 7 ദിവസത്തിൽ കുറയാതെയോ, 30 ദിവസത്തിൽ കവിയാതെയോ ഉള്ള കാലയളവിലേക്ക് ജോലി ചെയ്യുന്നതിൽ. നിന്നും താല്ക്കാലികമായി നീക്കം ചെയ്യുക. എന്നാൽ വീണ്ടും ചെയ്യുന്ന കുറ്റത്തിന് അപ്രകാരം താല്ക്കാലികമായി ജോലിയിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള കാരണങ്ങൾ രേഖമൂലം അറിയിച്ചു കൊണ്ട് 60 ദിവസം വരെയുള്ള

| | | | |
|---|---|---|---|
| | | | കാലയളവിലേക്ക് ദീർഘിപ്പിക്കാവുന്നതാണ്.<br><br>സി) ചുമട്ടുതൊഴിലാളിയായുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അപ്രകാരം ചെയ്യുക. |
| (സി) | സംസ്ഥാനത്ത് പല മേഖലകളിലും കായികാദ്ധ്വാനം വേണ്ട തൊഴിലുകൾക്ക് തൊഴിലാളികളെ കിട്ടാതിരിക്കുന്ന സാഹചര്യത്തിൽ ചുമട്ടു തൊഴിലാളി മേഖലയിൽ തൊഴിൽ കുത്തകാവകാശം അടിച്ചേൽപ്പിക്കുന്ന സാഹചര്യം വിലയിരുത്തുമോ; | (സി) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ പദ്ധതി പ്രദേശത്തുള്ള അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളെ നിയമിക്കുന്നതിനായി പത്ര മാദ്ധ്യമങ്ങൾ വഴി പരസ്യം നല്കുകയും അപേക്ഷകരിൽ നിന്നും കായിക ക്ഷമതയും, കഴിവും പരിശോധിച്ച് യോഗ്യതയുള്ളവരെ മാത്രം നിയമി ക്കുകയാണ് ചെയ്യുന്നത്. ഇവരുടെ തൊഴിൽ മേഖലയിലെ തൊഴിൽ ക്രമീകരണവും തൊഴിലുറപ്പും നൽകുന്നതോടൊപ്പം തന്നെ മറ്റു മേഖലകളിലെ ജോലികൾ സ്വീകരിക്കുന്നതിലേക്കായി അവർക്ക് സ്വയം പിരിഞ്ഞുപോകുവാൻ അവസരം നൽകുന്നുണ്ട്. |
| (ഡി) | ചുമട്ടു തൊഴിലാളി കുത്തകാവകാശം സ്വയം ഏറ്റെടുക്കുന്ന ചുമട്ടുതൊഴിലാളികൾ സാധാരണക്കാരെ ഭീഷണിപ്പെടുത്തുന്നതും ഒരു നീതീകരണവുമില്ലാതെ കൂലി സ്വയം നിശ്ചയിച്ച് വാങ്ങുന്നതും പരിശോധിക്കുമോ; | (ഡി) | കേരള ചുമട്ടു തൊഴിലാളി ക്ഷേമ പദ്ധതി ബാധകമാക്കിയിട്ടുള്ള പ്രദേശങ്ങളിൽ ഓരോ സാധനങ്ങൾക്കും അംഗീകൃത കൂലി നിശ്ചയിച്ചിട്ടുണ്ട്. കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിലെ രജിസ്ട്രേഡ് തൊഴിലാളികൾ സാധാരണക്കാരെ ഭീക്ഷണിപ്പെടുത്തി ഒരു നീതീകരണവുമില്ലാതെ കൂലി സ്വയം നിശ്ചയിച്ച് വാങ്ങുന്നത് ബോർഡിന്റെ ശ്രദ്ധയിൽ പ്പെട്ടാൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | സാധാരണക്കാരന് വീട് വയ്ക്കുന്നതിനോ ചെറുകിട കച്ചവടത്തിനോ കയറ്റിറക്കു നടത്തേണ്ടി വരുന്ന സാഹചര്യ | (ഇ) | ഗാർഹിക ആവശ്യങ്ങൾക്കുള്ള കയറ്റിറക്കിനെ കേരള ചുമട്ടു തൊഴിലാളി നിയമത്തിൽ നിന്നും |

ങ്ങളിൽ അവരവർക്ക് ഇഷ്ടമുള്ള തൊഴിലാളികളെക്കൊണ്ട് യഥേഷ്ടം സാധനസാമഗ്രികൾ കയറ്റി ഇറക്കുവാൻ സംരക്ഷണം നൽകുമോ;

/2008/Law നമ്പർ നോട്ടിഫിക്കേഷൻ മുഖാന്തിരം സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. പദ്ധതി പ്രദേശത്ത് സ്ഥാപന ഉടമ നേരിട്ട് കയറ്റിറക്ക് ചെയ്യുന്നതിന് നിയമം അനുവദിക്കുന്നുണ്ടെങ്കിലും മറ്റൊരാളെ നിയോഗിക്കുകയാണെങ്കിൽ അത് ബോർഡിനു കീഴിലെ അംഗീകൃത തൊഴിലാളി തന്നെ ആകേണ്ടതുണ്ട്.

(എഫ്) ആവശ്യമില്ലാത്ത തൊഴിൽ അടിച്ചേൽപ്പിക്കുന്നതിൽ നിന്ന് ചുമട്ടു തൊഴിലാളികളെ വിലക്കാനും സാധാരണക്കാരന്റെ സ്വാതന്ത്ര്യം സംരക്ഷിക്കുവാനും നടപടി സ്വീകരിക്കുമോ;

(എഫ്) തൊഴിലാളികളുടെ അനാവശ്യ പ്രവണതകളും നടപടികളും ബോർഡിന്റെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ നിരീക്ഷണ വിധേയമാക്കുകയും ആവശ്യമെന്നു കണ്ടാൽ അച്ചടക്ക നടപടിയ്ക്ക് വിധേയമാക്കുകയും ചെയ്യാറുണ്ട്.

(ജി) തൊഴിൽ മേഖലയിൽ നിലനിൽക്കുന്ന നോക്കുകൂലി ഇറക്കുകൂലി അട്ടിമറിക്കൂലി എന്നിവ അവസാനിപ്പിക്കാൻ ആവശ്യമായ ശക്തമായ നിയമനിർമ്മാണം കൊണ്ടു വരുമോ?

(ജി) നിലവിലുള്ള നിയമം നോക്കുകൂലി, അട്ടിമറിക്കൂലി എന്നിവ വാങ്ങുന്നത് അനുവദിക്കുന്നില്ല.

സെക്ഷൻ ഓഫീസർ